കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005 - ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്കായുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക പ്രവർത്തന ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (എ) വകുപ്പ്

**G.O.(Rt)263/2025/WCDD** **Dated,06/06/2025**

---

പരാമർശം:-

1. സ.ഉ.(കൈ) നം.2/2021-വശിവിവ തീയതി 31.08.2021.
2. സ.ഉ.(പി)നം.3/2022-വശിവിവ തീയതി 29.03.2022.
3. സ.ഉ.(സാധാ)നം.234/2024/വശിവിവ തീയതി 15.07.2024.
4. സ.ഉ.(സാധാ)നം.15/2025/വശിവിവ തീയതി 10.01.2025.
5. സ.ഉ.(സാധാ)നം.42/2025/വശിവിവ തീയതി 30.01.2025.
6. വനിത ശിശു വികസന ഡയറക്ടറുടെ 29.03.2025, 05.06.2025 എന്നീ തീയതികളിലെ DWCD/1918/2025-WEC-3 നമ്പർ കത്ത്.

AS/WCD/25/42776

<u>ഉത്തരവ്</u>

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2024-25 സാമ്പത്തിക വർഷത്തെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 1,28,65,000/-രൂപ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരമുള്ള വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുന:ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം അനുവദിച്ച 1,28,65,000/-രൂപ പുന:ക്രമീകരിച്ച് 64,33,000/- രൂപയാക്കി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് 2024-25 സാമ്പത്തിക വർഷം ആറു മാസത്തെ പ്രവർത്തന ഫണ്ട്

മാത്രമേ മാറി നൽകാൻ കഴിഞ്ഞിട്ടുള്ളുവെന്നും 2024-25 സാമ്പത്തിക വർഷം 78 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളാണ് തൃപ്തികരമായി പ്രവർത്തിച്ചതെന്നും ആയതിനാൽ 2024-25 സാമ്പത്തിക വർഷം തൃപ്തികരമായി പ്രവർത്തിച്ച 78 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് നൽകാനുള്ള ആറു മാസത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 60,45,000/-രൂപ 2025-26 സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കമ്പോണന്റ് തിരിച്ചുള്ള വിശദാംശം സഹിതം വനിത ശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

കമ്പോണന്റ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 60,45,000 | AS/WCD/25/42776 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 78 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് 2024 25 സാമ്പത്തിക വർഷം നൽകുവാനുള്ള 6 മാസത്തെ കുടിശ്ശിക പ്രവർത്തന ഫണ്ട് | 60,45,000 |
| ആകെ (അറുപത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ) | | **60,45,000** |

ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | For Conducting Awareness Class among public( for 6months) | 78 | 6000 | 4,68,000 |
| 2 | Remuneration to experts such as Clinical Psychologist/Medical Professionals/Psychiatrist etc. Medical Expenses, TA, Stationary Telephone, Tapal and Audit Fees, Anti Domestic Violence Day Observation etc.(for 6 months) | 78 | 10000 | 7,80,000 |
| 3 | Court expenses in connection with submission of DIR@600 per DIR (for 6 months) | 78 | 7500 | 5,85,000 |
| 4 | Honorarium for Legal Counsellor (Rs.9000 PM X 6 months) | 78 | 54000 | 42,12,000 |

AS/WCD/25/42776

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| ആകെ (അറുപത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ) | | | | **60,45,000** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് വകുപ്പിന് കീഴിൽ 2024-25 സാമ്പത്തിക വർഷത്തിൽ തൃപ്തികരമായി പ്രവർത്തിച്ച 78 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് നൽകാനുള്ള 6 മാസത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 60,45,000/- രൂപ (അറുപത് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തെ 2235–02–103–68–03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 03:13:58 +05:30

AS/WCD/25/42776